(ബി) പ്രസ്തുത ടാങ്കുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണം എന്നാവശ്യപ്പെട്ട് കരാറുകാരന് പല പ്രാവശ്യം വാട്ടർ അതോറിറ്റി കത്തുകൾ നൽകിയിട്ടുണ്ട്.

(സി) ലിക്വിഡേറ്റ് ഡാമേജസ് പ്രകാരമുള്ള പിഴയുടെ തുക നിർണ്ണയിക്കുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) കരാർ പ്രകാരം അധിക ചെലവ് നൽകാൻ വ്യവസ്ഥയില്ല

(ഇ) കരാറുപ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കരാറുകാരൻ സന്നദ്ധത കാണിച്ചിട്ടുള്ളതിനാൽ നിയമനടപടികൾ സ്വീകരിച്ചിട്ടില്ല

ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ്

212 (877) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ റ്റി. എസ്. ആവുന്നതിലേക്ക് പ്രവൃത്തിയുടെ ഇലക്ട്രിക്കൽ മെക്കാനിക്കൽ എസ്റ്റിമേറ്റുകൾ തയ്യാറാവുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മെക്കാനിക്കൽ-ഇലക്ട്രിക്കൽ വർക്കുകളുടെ എസ്റ്റിമേറ്റുകൾ നിലവിൽ DSR റേറ്റിൽ ആണോ റിവൈസ് ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് DSR നിരക്കിൽ റിവൈസ് ചെയ്താൽ മാത്രമേ ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്ക് റ്റി. എസ്. ആവുകയുള്ളൂ എന്ന നിലയിൽ ജലവിഭവ വകുപ്പിൽ നിർദ്ദേശമോ തീരുമാനമോ ഉണ്ടോ ; വിശദമാക്കാമോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ചിറ്റാരിക്കടവ് പദ്ധതിക്ക് റ്റി. എസ്. നൽകുന്നതിനും ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനും നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വിശദമായി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഡി.എസ്.ആർ 2013-ലും ഇലക്ട്രിക്കൽ പ്രവൃത്തികൾ 2012 എസ്.ഒ.ആർ.-ലും ഉൾപ്പെട്ട എസ്റ്റിമേറ്റാണ് ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയർ (ഐ &എ)-യിൽനിന്ന് ലഭിച്ചിട്ടുള്ളത്. 31-3-2015-ൽ കൂടിയ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ചീഫ് ടെക്നിക്കൽ എക്സാമിനർ എല്ലാ എസ്റ്റിമേറ്റുകളും ഡി.എസ്.ആർ.2014-ലേക്ക് മാറ്റാൻ നിർദ്ദേശം നൽകി. അതനുസരിച്ച് സിവിൽ പാർട്ട് 2014-ലേക്ക് മാറ്റിയിട്ടുണ്ട്. ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഡി.എസ്.ആർ. 2014-ലേക്ക് മാറ്റി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ജലസ്രോതസ്സുകളുടെ സംരക്ഷണം

213 (878) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. ടി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദ മാക്കുമോ ;

(ബി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദ മാക്കുമോ ; ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജലസേചന വകുപ്പ്

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കളങ്ങൾ/ചിറകൾ എന്നിവയുടെ സംരക്ഷണത്തിനായി 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതിക്കുപുറമെ സംസ്ഥാന ബഡ്ജറ്റ് വിഹിതമുപയോഗപ്പെടുത്തി ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, സംരക്ഷണപ്പണികൾ എന്നിവയും നിർവ്വഹിച്ചുവരുന്നു. കായലുകൾ/തടാകങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly